# പാരൻറിംഗ്

sk@vazhi.org

തങ്ങളുടെ കുഞ്ഞുങ്ങൾ നല്ലവരായി വളരണമെന്നത് എല്ലാ മാതാപിതാക്കളുടെയും അഭിലാഷങ്ങളിൽ പ്രഥമമായതാണ്. ഈ ലക്ഷ്യം നേടുന്നതിന് എല്ലാവരും പരമാവധി പരിശ്രമിക്കാറുമുണ്ട്. എങ്കിലും ജീവിത വീഥികളിൽ അപഥപഞ്ചാരം നടത്തുന്ന നിരവധി കുട്ടികളെ നാം കാണുന്നു. അവർ ക്രിമിനലുകളായി പിടിക്കപ്പെടുമ്പോൾ അവരുടെ മാതാപിതാക്കളുടെ ഗദ്ഗദങ്ങൾ നാം കേൾക്കാറുണ്ട്; എൻെറ മോൻ /മോൾ ചെറുപ്പത്തിൽ എത്ര നല്ലവനായിരുന്നു, അവനെന്താണ് ഇങ്ങനെ ഒരു ദുർബുദ്ധി തോന്നിയത് തുടങ്ങി പലതും.

ഒത്തിരി പ്രതീക്ഷകളോടെ കലാലയങ്ങളിലേക്ക് പോകുന്ന വിദ്യാർഥികൾ മദ്യത്തിലും മദിരാക്ഷിയിലും ജീവിത സാഫല്യം അനുഭവിച്ച് സ്വയം തിരോധാനം ചെയ്യുമ്പോൾ മാതാപിതാക്കളുടെ വിലാപം നാം ഏറെ കേട്ടതാണ്.

നമുക്ക് പരിചിതമായ ഏറെ ചൊല്ലുകളുണ്ടല്ലോ.

"കുഞ്ഞുങ്ങളുടെ ആത്മവിദ്യാലയമാണ് വീട്."

"ആദ്യത്തെ അധ്യാപകർ മാതാപിതാക്കളാണ്" മുതലായവ. വളരെ അർഥവത്തായ അവയുടെ സാരാംശങ്ങളെ സാക്ഷാത്ക്കരിക്കാൻ നാം ഒത്തിരി ആസൂത്രണം നടത്തുന്നു. നിരവധി ലേഖനങ്ങൾ, സ്റ്റഡി ക്ലാസുകൾ, സെമിനാറുകൾ, സ്വഭാവരൂപവത്ക്കരണ പരിപാടികൾ മുതലായവ മുറക്ക് നടന്നുവരുന്നു. എന്നിട്ടും എന്തുകൊണ്ട് കുഞ്ഞുങ്ങൾ വഴിതെറ്റുന്നു?

നാം ഇവിടെ സത്യം തിരിച്ചറിയേണ്ടതുണ്ട്; ആദ്യത്തെ ഗുരുകുലമെന്ന് വിശേഷിപ്പിക്കുന്ന വീട്ടിൽ നിന്നും അവരുടെ മാതാപിതാക്കളിൽനിന്നും തന്നെയാണ് പിഴവ് ആരംഭിക്കുന്നതെന്ന തിരിച്ചറിവ്.

കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ മാതാപിതാക്കളുടെ ഇടപെടലുകൾക്ക് കാര്യമായ പങ്കുണ്ട്. കുശവക്കുടിയിലെ ചക്രത്തിൽ രൂപപ്പെടുന്ന മൺപാത്രങ്ങളിൽ ശില്പിയുടെ കരചലനം നല്കുന്ന ചാരുതയാണല്ലോ അവക്ക് രൂപഭംഗി നല്കുന്നത്. ഈ ചന്തം കുട്ടികളുടെ വളർച്ചയിലും ഉണ്ടാകുന്നതിന് നാം ഇത്തിരി പരിശീലനം നേടേണ്ടത് നിർബ്ബന്ധമാണ്.

ഈ പംക്തി വായനക്കാരുടെ സജീവസഹകരണത്തോടു കൂടി തുടർച്ചയായി പ്രസിദ്ധീകരിക്കാൻ സാധിക്കണമെന്ന് സർവശക്തനോട് പ്രാർഥിക്കുകയാണ് ഞാൻ.

പലതരം പ്രോഗ്രാമുകളും ഫീഡ് ചെയ്യപ്പെട്ട 'ചിപ്പ്' പോലെയാണ് ഒരു കുഞ്ഞ്. ശരീരാഭിവൃധിക്കു വേണ്ടി നാം നല്കുന്ന പോഷകങ്ങൾ പോലെ അവരുടെ വ്യക്തിത്വ വികസനത്തെ ശാസ്ത്രീയരീതിയിൽ ചെറുപ്പം മുതൽതന്നെ പ്രോത്സാഹിപ്പിക്കണം.

വ്യക്തിത്വവികസനത്തിലെ ഘട്ടങ്ങൾ ഒറ്റപ്പെട്ടുനിൽക്കുന്നവയല്ല. അവ ഒരു തുടർക്കഥയുടെ വിവിധ ഭാഗങ്ങൾ മാത്രം. ഗർഭസ്ഥ കാലം, ശൈശവം, ബാല്യം തുടങ്ങിയ വിഭജനങ്ങൾ വിവരണസൗകര്യത്തെ ഉദ്ദേശിച്ചുള്ളതാണ്. ബാല്യകാല വ്യക്തിത്വ വികസനെത്തെക്കുറിച്ച് പ്രശസ്തരായ മനഃശാസ്ത്രജ്ഞരുടെ പഠനങ്ങളും നിർദ്ദേശങ്ങളും നിങ്ങളുമായി പങ്ക് വെക്കുകയാണ്.

ബാല്യത്തിൽ കുട്ടികളുടെ മാനസിക വൈകാരിക വളർച്ചയെ നിരവധി ഘടകങ്ങൾ സ്വാധീനിക്കുന്നുണ്ട്. ഈ ഘടകങ്ങളിൽ മാതാപിതാക്കൾ എന്തുചെയ്യണം? അവരുടെ ഓരോ വാക്കിലും പ്രവൃത്തിയിലും ശ്രദ്ധിക്കണം. സ്നേഹം, സ്വാതന്ത്ര്യം, അംഗീകാരം, ലൈംഗിക വിജ്ഞാനം എന്നിവ വേണ്ട അളവിൽ, ഉചിതമായ രീതിയിൽ നല്കിയാൽ, കുട്ടികൾ ബാല്യവ്യക്തിത്വമാർജിച്ച് വളരുന്നുവരും. നാടിനും സമൂഹത്തിനും ഉപകാരമുള്ളവരായിത്തീരും.

## *സ്നേഹം:*

സ്നേഹം എന്തെന്ന് നിർവചിക്കുക പ്രയാസമാണ്; നല്കാനും അനുഭവിക്കാനും എളുപ്പവും. കുട്ടികളുടെ സർവ വിധ മാനസിക-വൈകാരിക പ്രശ്നങ്ങൾക്കുമുള്ള ഒറ്റമൂലിയാണ് സ്നേഹം. സുപ്രസിദ്ധ ശിശുമനഃശാസ്ത്രജ്ഞനായ ആൻോയിൻ സാൻോക്സിൻെറ അഭിപ്രായത്തിൽ സ്നേഹത്തിൻെറ മാസ്മരിക ശക്തിക്ക് വഴങ്ങാത്തവരായി ഭൂമുഖത്ത് ആരുമില്ല.

മാതാപിതാക്കൾ കുട്ടികൾക്ക് സ്നേഹം നല്കണം. ഇത് വളരെ പ്രധാനമാണ്. പക്ഷേ, ഇതിൽ പുതുമയേതുമില്ല, അല്ലേ? പക്ഷേ ഞാൻ പറയട്ടെ, കറകളഞ്ഞ സ്നേഹമാണ് നാം നൽകേണ്ടത്, എങ്ങിനെ? നിങ്ങളുടെ കുട്ടി ശുണ്ഠിയെടുക്കുമ്പോൾ, പലതും തല്ലിയുടക്കുമ്പോൾ, നിങ്ങളെ ചവിട്ടിമെതിക്കു മ്പോൾ, കാർക്കിച്ചുതുപ്പുമ്പോൾ, നിങ്ങൾക്കവനെ സ്നേഹിക്കാൻ കഴിയുമോ? അവൻ കുഴിമടിയനായി കിടന്നുറങ്ങുമ്പോൾ, പരീക്ഷയിൽ വട്ടപൂജ്യവുമായി വരുമ്പോൾ, അറുബോറനായി വെറുപ്പിക്കുമ്പോൾ നിങ്ങൾ അവനെ സ്നേഹിക്കുമോ? എങ്കിലത് കറകളഞ്ഞ സ്നേഹമായി.

അവൻ നേട്ടങ്ങളുണ്ടാക്കുമ്പോൾ, പൂച്ചക്കുഞ്ഞുങ്ങളെപ്പോലെ അനുസരിക്കുമ്പോൾ, ശാന്തരായിരിക്കുമ്പോൾ "നല്ല കുട്ടി" എന്ന സർട്ടിഫിക്കറ്റും സ്നേഹവും നൽകുന്നതിൽ പുതുമയില്ല. മറ്റുള്ളവർ വെറുക്കുമ്പോൾ, വെറുപ്പിക്കുന്ന സാഹചര്യം സ്വയം സൃഷ്ടിച്ച നിങ്ങളുടെ പുത്രനെ/പുത്രിയെ സ്നേഹിക്കാൻ നിങ്ങൾക്ക് സാധിക്കണം. നേട്ടങ്ങൾക്കും കോട്ടങ്ങൾക്കുമുപരി അവനെന്ന വ്യക്തിയെ സ്നേഹിക്കണം. ഇതാണ് കുട്ടികളോടുള്ള സ്നേഹം.

ഇത്തരം സ്നേഹം പല മാതാപിതാക്കളിലും സ്റ്റോക്കുണ്ടെങ്കിലും കുഞ്ഞുങ്ങൾക്കത് ലഭിക്കാറില്ല. കാരണം അവർക്കത് കൊടുക്കാൻ അറിയില്ല. ചുരുക്കത്തിൽ കുട്ടികളെ സ്നേഹിച്ചാൽ പോരാ, തങ്ങൾ സ്നേഹിക്കുന്നു എന്ന് അവരെ ബോധ്യപ്പെടുത്തണം. അനുഭവഭേദ്യമാക്കണം. അവരറിയെ അവരിലേക്ക് സ്നേഹം ചൊരിയണം. എങ്ങനെ? നമുക്ക് നോക്കാം. അവരെ മറ്റുള്ളവർക്കു മുമ്പിൽ വെച്ചു പ്രശംസിക്കുകയത്രെ അതിൽ പ്രധാനം. അവരുടെ കുസൃതിത്തരങ്ങളുടെ വിഴുപ്പുകൾ മറ്റുള്ളവരോട് അവരുടെ മുമ്പിൽവച്ച് അഴിക്കരുത്. പകരം, കൊച്ചുകൊച്ചു നേട്ടങ്ങൾ മാത്രം പറയുന്നതിലൂടെ അവർ നിങ്ങളെ അഭിമാനപൂർവം സ്മരിക്കും, സ്നേഹിക്കും. എല്ലാ സമയത്തും അവർ നമ്മുടെ അമൂല്യസമ്പത്താണ്, അഭിമാനമാണ് എന്ന തരത്തിൽ പെരുമാറണം.(മറ്റുള്ളവരെ ഇക്കാര്യം പറഞ്ഞു മുഷിപ്പിക്കുകയും അരുത്)

പഞ്ചേന്ദ്രിയങ്ങളിലൂടെയാണ് ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് സ്നേഹം സംവദിക്കുന്നത്. സ്നേഹത്തോടെയുള്ള വാക്കുകൾ, നോട്ടം, തലോടൽ ഇവയെല്ലാം വ്യക്തികളുടെ ആന്തരിക യാഥാർഥ്യങ്ങളുടെ അകലങ്ങളിലേക്കും ആഴങ്ങളിലേക്കും ഇറങ്ങിച്ചെല്ലുവാൻ കെല്പുള്ളവയാണ്. വെട്ടുകത്തിയെടുത്തു മുറ്റത്തെ ചെടികൾ മുഴുവൻ വെട്ടിവീഴ്ത്തുന്ന "അസുര" വിത്തായ പുത്രനെ നോക്കി "ഉമ്മയുടെ പൊന്നുമോനല്ലേ, നമ്മുടെ ചെടി വീഴ്ത്തല്ലേ, ചെടി വെട്ടിയാൽ നിനക്ക് പൂവ് കിട്ടുമോ" എന്ന് ചോദിച്ചാൽ അവൻ വെട്ട് നിർത്തും. സ്നേഹം വഴിയുന്ന വാക്കുകൾക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.

ദാർശനികർ ചൂണ്ടിക്കാട്ടുന്നതുപോലെ കർണ്ണങ്ങളിലൂടെയും കണ്ണുകളിലൂടെയും വിനിമയം ചെയ്യപ്പെടുന്ന സ്നേഹത്തിന് അന്തരീക്ഷത്തിലൂടെ ഏറെ സഞ്ചരിക്കണം. വായുവിലൂടെയുള്ള ഈ പ്രയാണം സ്നേഹത്തിൻെറ മാറ്റ് കുറച്ചെന്നു വരാം, ഊഷ്മളത ചോർന്നുപോയെന്നുവരാം. പക്ഷേ, സ്പർശനത്തിലൂടെ, ശാരീരികസമ്പർക്കത്തിലൂടെ സ്നേഹവിനിമയം ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് നേരിട്ട് സംഭവിക്കുന്നു. അപ്പോൾ സ്നേഹത്തിൻെറ ഊഷ്മളതയും തീവ്രതയും മാധുര്യവും ഏറെ ഉയർന്നിരിക്കും. അതിനാൽ, കുഞ്ഞുങ്ങളെ ആലിംഗനം ചെയ്യണം. ഉമ്മവെക്കണം. അത് സ്നേഹബോധത്തോടൊപ്പം സുരക്ഷിതത്വവും അവരിൽ വളർത്തും. ഇങ്ങനെ വിവിധ രീതികളിൽ മാതാപിതാക്കളുടെ ഹൃദയങ്ങളിൽ പതഞ്ഞുയരുന്ന സ്നേഹം കുട്ടികൾക്ക് അനുഭവഭേദ്യമാകണം. എന്നാൽ, അവർ ഉയർന്ന വ്യക്തിത്വമാർജിക്കും.

### *ശിക്ഷണം*

കുഞ്ഞുങ്ങളുടെ വ്യക്തിത്വ വികസനത്തിന് ശിക്ഷണം അനിവാര്യമാണ്. എന്നാൽ ശിക്ഷണവും ശിക്ഷയും ഒന്നല്ല. ശിക്ഷണത്തിൽ ശിക്ഷക്ക് പരിമിതമായ സ്ഥാനമുണ്ട് എന്നു മാത്രം. ശിക്ഷണം എന്നാൽ ഒരു വ്യക്തിയെ വളരുവാനും മെച്ചപ്പെടുവാനും സഹായിക്കുന്ന പ്രക്രിയയാണ്. ശിക്ഷയാകട്ടെ, തെറ്റിന് സമാന നാണയത്തിൽ നല്കുന്ന തിരിച്ചടിയും.

എന്തിനാണ് ശിക്ഷണം? നന്നാകുവാൻ വേണ്ടി. നല്ലവരാകുന്നതോ? ഇഹത്തിലും പരത്തിലും സ്വീകാര്യരാകാൻ വേണ്ടി.

മനുഷ്യൻ സമൂഹജീവിയാണ്. സമൂഹത്തിലെ ഒരംഗമായി ജീവിക്കണമെങ്കിൽ, ഈ ജീവിതത്തിന് ശേഷം മറ്റൊരു ലോകത്തിൽ അംഗത്വം നേടണമെങ്കിൽ നന്മയും ധർമവും സ്വീകരിച്ചേ പറ്റൂ. ഇവ നാം നമ്മുടെ കുഞ്ഞുങ്ങൾക്ക് ഇന്ന് ശിക്ഷണത്തിലൂടെ ബോധ്യപ്പെടുത്തുന്നില്ലെങ്കിൽ അവർ മുതിർന്നവരായി സാമൂഹ്യനിയമങ്ങളെ ധിക്കരിക്കുമ്പോൾ, മാരകവും പരുപരുത്തതുമായ കരങ്ങൾ അപലപനീയമായ മാർഗങ്ങളിലൂടെ അവരെ അവ അഭ്യസിപ്പിച്ചെന്നു വരും. ഉദാഹരണമായി, ചെറിയ ചെറിയ മോഷണങ്ങൾ ഒരു പത്ത് വയസ്സുകാരന് പ്രിയമെന്നിരിക്കട്ടെ. ഈ പ്രവണത കുരുന്നിലേ നുള്ളിക്കളഞ്ഞില്ലെങ്കിൽ അവൻ വളർന്നുവരുമ്പോൾ വൻകവർച്ചകനായി മാറാം. അവൻ ചെറുപ്പത്തിൽ പഠിക്കാത്ത പാഠം പോലീസുകാരൻെറ മൂന്നാം മുറയും ജയിൽശിക്ഷയും മറ്റും ദാരുണമായ രീതിയിൽ അവനെ പഠിപ്പിച്ചെന്നുവരാം.

കുട്ടികൾക്ക് ശിക്ഷണം ആവശ്യമാണ്. എക്ഷേ, എങ്ങനെ, ആര് നല്കണം? ശിക്ഷണം കുടുംബത്തിൽ നിന്നാരംഭിക്കണം; മാതാപിതാക്കളിൽനിന്നു തന്നെ.

### *1. മാതാപിതാക്കൾ അധികാരമുറപ്പിക്കണം.*

നാം കാർ ഓടിച്ചുപോകുമ്പോൾ നിയമലംഘനത്തിന് പോലീസ് പിഴയിടുന്നുവെന്ന് കരുതുക. മനസ്സില്ലാ മനസ്സോടെയെങ്കിലും നാം ആ തുക കോടതിയിൽ ഒടുക്കുന്നു. കാരണം, പിഴ ഈടാക്കാൻ കോടതിക്ക് അധികാരമുണ്ട് എന്ന തിരിച്ചറിവ് തന്നെ.

നിങ്ങളുടെ ശിക്ഷണം കുട്ടികൾ സ്വീകരിക്കണമെങ്കിൽ നിങ്ങൾക്ക് ശിക്ഷണം നല്കാൻ അധികാരവും യോഗ്യതയുമുണ്ടെന്ന് കുട്ടികൾക്ക് ബോധ്യപ്പെടുത്തണം. അറിവുള്ളവരും ശക്തരുമാണ് നിങ്ങൾ എന്ന് കുട്ടികൾ ധരിച്ചുവെക്കുന്നത് നല്ലതാണ്. കുട്ടികളോടിടപെടുമ്പോൾ ചപല മനസ്കരാകരുത്. അനാവശ്യ വിട്ടുവീഴ്ചക്ക് മുതിരരുത്.

കുഞ്ഞുങ്ങളുടെ സ്വതസിദ്ധമായ ജിജ്ഞാസയിൽനിന്ന് ഉരുത്തിരിയുന്ന ചോദ്യങ്ങൾക്കും അന്വേഷണങ്ങൾക്കും ആത്മാർഥമായി ഉത്തരം നല്കണം. അതിന് കഴിയണമെങ്കിൽ നിങ്ങൾ അറിവുള്ളവരായിരിക്കണം. ആധികാരികമായ കഴിവുകൾ ഉണ്ടെന്ന് ബോധ്യപ്പെട്ടാൽ മാത്രമേ മാതാപിതാക്കളുടെ ശിക്ഷണത്തിന് കുട്ടികൾ സ്വമനസ്സാ വിധേയരാവുകയുള്ളൂ.

### *2. മാതാപിതാക്കൾ ഒറ്റക്കെട്ട്*

കുട്ടികളുടെ ശിക്ഷണകാര്യത്തിൽ മാതാപിതാക്കൾ ഒരു മനസ്സായി മാറണം. ഒരാൾ കുട്ടിയെ ശാസിക്കുമ്പോഴോ ശിക്ഷിക്കുമ്പോഴോ മറ്റേയാൾ തടസ്സം നിൽക്കുന്ന പതിവ് മിക്ക കുടുംബങ്ങളിലുമുണ്ട്. അപകടകരമായ ഈ പ്രവണതയിലൂടെ കുട്ടികൾക്ക് ശരിയും തെറ്റും തിരിച്ചറിയാൻ കഴിയാതെ വരും. അതുപോലെ കുട്ടികളുടെ കാര്യത്തിൽ മാതാപിതാക്കൾ വഴക്കടിക്കുമ്പോൾ കുട്ടികൾ അവർക്ക് തോന്നിയതുപോലെ പ്രവർത്തിക്കും. ഇരുവരെയും ധിക്കരിക്കുവാനുള്ള പ്രവണത വളരുകയും ചെയ്യും.

പരസ്പരമുള്ള പ്രശ്നങ്ങൾ മാതാപിതാക്കളുടെ ശണ്ഠയായി മാറുമ്പോൾ അത് കുഞ്ഞുങ്ങളുടെ മനസ്സിനെ നോവിപ്പിക്കും. അതിനാൽ അഛനും അമ്മയും അവരവരുടെ ഭിന്നതകൾ കുട്ടികൾ അറിയാതെ പരിഹരിക്കണം, പറഞ്ഞുതീർക്കണം.

### *3. കല്പിച്ചാൽ അനുസരിപ്പിക്കണം.*

ഇത് സാധ്യമല്ലെങ്കിൽ കുട്ടി എതിർത്താലും അനുസരിപ്പിക്കാമെന്ന് ഉറപ്പുള്ള കല്പനകളേ മാതാപിതാക്കൾ നല്കാവൂ.

ഉദാഹരണത്തിന്, കുഞ്ഞിനെ കുളിപ്പിക്കണമെന്ന് നിശ്ചയിക്കുന്ന സമയം, അവർ ഒഴിഞ്ഞുമാറുകയാണെങ്കിൽ നിർബന്ധിച്ച് അനുനയിപ്പിച്ച് കുളിപ്പിക്കണം. ഈ പൂർവാനുഭവം പിന്നീട് അവനെ ധിക്കരിക്കുന്നതിൽനിന്ന് മനസ്സ് സ്വയം പിന്തിരിപ്പിക്കും.

### *4. ഒഴിഞ്ഞുമാറ്റം ഒഴിവാക്കണം*

സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും പേരിൽ മാതാപിതാക്കൾ കുട്ടികൾക്ക് നല്കുന്ന സകല നിർദ്ദേശങ്ങളും ഫലത്തിൽ അവർ തന്നെ പിൻവലിക്കുന്നു. അഥവാ, മാതാപിതാക്കൾ കല്പിക്കുന്നു, ശേഷം അവർ തന്നെ അനുസരിക്കുന്നു. വത്സല കുഞ്ഞിനെ കല്പനയിൽനിന്ന് ഒഴിഞ്ഞുമാറാൻ അനുവദിക്കുന്നു. അസ്ഥാനത്ത് പ്രകടിപ്പിക്കുന്ന ഇത്തരം വാത്സല്യവും സ്നേഹവും കുട്ടികളുടെ വ്യക്തിത്വവികസനത്തെ അപകടത്തിലാക്കുമെന്ന് കരുതിയിരിക്കുക.

കുട്ടികളെ ഒരു ജോലി ഏല്പിച്ചാൽ അവർ തന്നെ അത് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തണം. അവർക്ക് വേണ്ടി മാതാപിതാക്കൾ ആ ജോലി ചെയ്യരുത്. ഒഴിഞ്ഞുമാറാൻ അനുവദിക്കരുത് എന്നുവെച്ചാൽ കുട്ടികളുടെ താല്പര്യങ്ങൾ നിഷേധിച്ചു കർക്കശക്കാരാവുക എന്നല്ല അർഥം. അവർക്ക് ആവശ്യമുള്ളത് നിഷേധിക്കാതെ, കോട്ടംതട്ടാതെ സൗകര്യപ്രദമായ സമയത്ത്, നിർദ്ദേശിക്കുന്ന കാര്യങ്ങൾ ചെയ്യിക്കുക തന്നെ വേണം.

### *5. അനുസരണം ആദ്യം, വിവരണം പുറകെ*

തങ്ങൾ നല്കുന്ന നിർദ്ദേശങ്ങൾ അപ്പടി അനുസരിക്കാൻ കുട്ടികളെ പരിശീലിപ്പിക്കണം. വിശദീകരണം ആവശ്യമില്ല. ആദ്യം അനുസരിക്കുക, പിന്നെ പ്രതിഷേധിക്കാം. പട്ടാളനിയമം പോലെ അച്ചടക്കം പരിശീലിക്കുവാനും ചിന്താകുഴപ്പങ്ങളൊഴിവാക്കാനും അതനിവാര്യമാണ്.

### *6. ഉപദേശം*

മാതാപിതാക്കൾ കുട്ടികളെ ധർമവും നീതിയും നന്മയുമെല്ലാം ഉപദേശിക്കുന്നു. ദൈവിക ഗ്രന്ഥങ്ങളിലെ വിവരണങ്ങൾ വെച്ച് ചരിത്ര പുരുഷന്മാരുടെ കഥകൾ പറഞ്ഞു അവരുടെ മനസ്സിനെ നന്മയുടെ പാതയിൽ സഞ്ചരിക്കാൻ സന്നദ്ധനാക്കുന്നു. എന്നാൽ കുഞ്ഞുമായി നിങ്ങൾ റോഡിൽ ഇറങ്ങി "നോ പാർക്കിംഗ് ഏരിയ"യിലാണ് കാർ നിർത്തുന്നത് എന്നു കരുതുക. അല്ലെങ്കിൽ റെഡ്ലൈറ്റ് സിഗ്നലിനെ മറികടന്നെന്ന് കരുതുക. ഇതെല്ലാം കുട്ടി മനസ്സിലാക്കുന്നു. എങ്കിൽ അവനിൽ സ്വയം ബോധ്യപ്പെടുന്നതെന്തെന്നോ, നിയമങ്ങളും ഉപദേശങ്ങളുമെല്ലാം മറ്റുള്ളവർക്ക് വേണ്ടിയാണ്. സ്വന്തം കാര്യലാഭത്തിന് ഏത് നിയമവും ലംഘിക്കാം എന്ന ബോധമാണ്. ഈ കുട്ടി നിയമനിഷേധിയാകുമ്പോൾ അതിന് ഉത്തരവാദി ആരാണ്?

### *7. നുണ പറയുന്ന ശീലം*

വാതോരാതെ ഓമന മക്കളെ നാം ഉപദേശിക്കുന്നു. "മക്കളെ, ഒരിക്കലും നുണ പറയരുത്. നരകത്തിൽ പോകും." പക്ഷേ, ഒരിക്കൽ ഗേറ്റ് കടന്നുവരുന്ന ഒരു സ്ത്രീയെ നോക്കി അമ്മ പറയുന്നു, "മോനെ, അവർ ചോദിച്ചാൽ ഞാനിവിടെ ഇല്ല എന്ന് പറഞ്ഞേക്ക്." ഇത് എന്തായിരിക്കും മോനിൽ ഉണർത്തുന്ന ബോധം എന്നറിയുമോ? നുണ പറയരുത്, പക്ഷേ, ആവശ്യമുള്ളപ്പോൾ എന്തുമാവാം എന്നല്ലേ? ഇവിടെ കുറ്റക്കാർ ആരാണ്?

### *8. മോഷണ പ്രവണത*

മറ്റുള്ളവർക്ക് അവകാശപ്പെട്ട വസ്തുക്കൾ അവരുടെ അറിവും അനുവാദവും കൂടാതെ സ്വന്തമാക്കുന്നതാണല്ലോ മോഷണം. കുട്ടികളെ മോഷണത്തിലേക്ക് നയിക്കുന്ന ചുറ്റുപാടുകൾ ഒഴിവാക്കുകയാണ് ഇത് ഇല്ലാതാക്കാൻ ആദ്യമായി ചെയ്യേണ്ടത്.

ഒരു കുട്ടി ചെറിയ മോഷണം നടത്തിയാൽ അത് മറച്ചുവെക്കാനും എന്തോ അബദ്ധം പറ്റിയതായി ചിത്രീകരിക്കാനും മുതിരരുത്. എന്നുവെച്ചാൽ "കള്ളൻ" എന്ന് വിളിച്ചു കൂവി കുട്ടിയെ അവഹേളിക്കണമെന്നല്ല. മോഷണം മോഷണമായിത്തന്നെ കുട്ടിക്ക് ബോധ്യപ്പെടുത്തിക്കൊടുക്കണം. അവനെക്കൊണ്ടു തന്നെ വസ്തു ഉടമക്ക് തിരിച്ചേല്പിക്കണം. "കുട്ടിയല്ലേ, സാരമില്ലന്നെ" എന്ന ഭാവം കാണിക്കയുമരുത്. ആവർത്തിച്ചാലുള്ള ഭവിഷ്യത്ത് പറഞ്ഞ് മുളയിലേ ഈ പ്രവണത നുള്ളിക്കളയണം.

### *9. കൈകൂലി പാടില്ല, പ്രതിഫലം ആകാം.*

കുട്ടികൾക്ക് പ്രോത്സാഹനമെന്ന രീതിയിൽ അവർ ജോലി ചെയ്യുന്നതിന്, സഹകരിക്കുന്നതിന് പ്രതിഫലം നല്കാം. എന്നാൽ ആദ്യംതന്നെ ജോലിക്ക് പ്രേരണയായി വല്ലതും നല്കുന്നത് കൈക്കൂലിയാണ്. ഇത്തരം വാഗ്ദാനങ്ങൾ അനുസരണശീലത്തെക്കാൾ തെറ്റായ രീതിയിൽ വ്യക്തിത്വവികസനത്തിന് കാരണമാകും.

എന്നാൽ ചെറിയ ചെറിയ പ്രതിഫലം നേരത്തെ അവരറിയാതെ നല്കുന്നത് ആതമ്വിശ്വാസം വർധിക്കാനും സമ്പാദ്യശീലം വളർത്തുവാനും ഉപകരിക്കും. കൂടാതെ അവരെ അംഗികരിക്കുന്നു എന്ന ബോധം കൂടി ഉണ്ടാക്കുന്നു.

### *10. വഴക്ക് പറയണം. പക്ഷേ-----*

കുട്ടിയെയല്ല, കുട്ടിയുടെ ചീത്ത പ്രവൃത്തിയെയാണ് അപലപിക്കേണ്ടത്. നിർഭാഗ്യകരമെന്നു പറയട്ടെ മിക്ക മാതാപിതാക്കളുടെയും ആക്രമണം കുട്ടികളുടെ വ്യക്തിത്വത്തിന് നേരെയാണ്. ഉദാഹരണത്തിന് താഴെ പറയുന്ന രണ്ട പ്രസ്താവം ശ്രദ്ധിക്കുക.

"ഈ വൃത്തികെട്ട കുട്ടി എന്തു പണിയാണ് ചെയ്തത്?", "ഈ കുട്ടി എന്ത് വൃത്തികെട്ട പണിയാണ് ചെയ്തത്?" ഈ ഉദാഹരണങ്ങളിൽ നിന്നും അഭിലഷണിയമായ രീതി ഏതെന്ന് മനസ്സിലാക്കാം. ആദ്യത്തേത് കുട്ടിയുടെ അഭിമാനത്തിന് ക്ഷതമേല്പിക്കുന്നു. രണ്ടാമത്തേത്, അവൻെറ പ്രവൃത്തിയുടെ മോശം അവനെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. കുട്ടികളെ ശാസിക്കുമ്പോൾ ഇത്തരം ചെറിയ (വലിയ) കാര്യം പ്രത്യേകം ശ്രദ്ധിക്കണം. അവൻെറ ദുഷ്പ്രവണതകളെ ആവോളം വിമർശിച്ചോളൂ, പക്ഷേ, വ്യക്തിത്വത്തെ ആകരുത്. തെറ്റ് ചെയ്ത കുഞ്ഞിനെ വ്യക്തി എന്ന നിലയിൽ സ്നേഹിക്കണം. ബഹുമാനിക്കണം. എന്നാൽ അവൻ തെറ്റ് ആവർത്തിക്കില്ല.

### *11. ശിക്ഷ വേണം*

ഒരു കുഞ്ഞ് തൻെറ പ്രതിബന്ധങ്ങളെ നേരിടാനും മറികടക്കാനും ബലപ്രയോഗം നടത്താറുണ്ടല്ലോ. അത് ആരോഗ്യകരമായ പ്രവണതയാണ്. അതുപോലെ കുട്ടിയുടെ മാനസിക-വൈകാരിക വളർച്ചയെ ലക്ഷ്യമാക്കി നല്കുന്ന ശിക്ഷണത്തിനിടയിൽ നേരിടേണ്ടിവരുന്ന പ്രതിബന്ധങ്ങളെ മറികടക്കാൻ "ശിക്ഷ" എന്ന പേരിലുള്ള ബലപ്രയോഗം മാതാപിതാക്കൾ സ്വീകരിക്കുന്നത് തികച്ചും ആരോഗ്യകരമാണ്. അത് എങ്ങനെയെന്ന് പരിശോധിക്കാം.

പല പ്രാവശ്യം കുട്ടിയോട് പറഞ്ഞതാണ്, മേശപ്പുറത്തുള്ള ഗ്ളാസ് എടുക്കരുതെന്ന്. പക്ഷേ, ഒടുവിൽ അത് വലിച്ച് താഴെയിട്ട് ഉടച്ചു. നിങ്ങൾക്ക് കലി കയറുകയാണ്. അവനെ ഒന്ന് പൊട്ടിക്കാനുള്ള കോപാഗ്നി. പക്ഷേ, തല്ക്കാലം ഒന്നും ചെയ്യരുത്. സന്ദർഭത്തിൽനിന്ന് മാറിനില്ക്കുക. എന്നിട്ട് എല്ലാം ശാന്തമായതിന് ശേഷം കുഞ്ഞിനെ വിളിക്കുക. അവന് നേരത്തെ നല്കിയ മുന്നറിയിപ്പുകൾ ഓർമിപ്പെടുത്തണം. ശേഷം ദേഷ്യമില്ലാതെ സ്നേഹത്തോടെ അടിക്കുക. ഇത് അനുസരിക്കാത്തതിനുള്ള ശിക്ഷയാണെന്നും പറയുക.

ഇവിടെ കുഞ്ഞിനെ നിങ്ങൾ കാര്യം ബോധ്യപ്പെടുത്തുന്നതോടൊപ്പം ശിക്ഷ കൂടി നല്കുന്നു. സ്നേഹപൂർവാമയ ഈ രീതി കുഞ്ഞിൽ, അവനോട് നിങ്ങൾക്ക് സ്നേഹമുണ്ടെന്ന ബോധം വളർത്തുന്നതോടൊപ്പം തെറ്റ് തുടരാതിരിക്കഅന പ്രേരിപ്പിക്കുകയും ചെയ്യുന്നു.

### *12. സ്വാതന്ത്ര്യം*

കുഞ്ഞുങ്ങളുടെ വ്യക്തിത്വവികസനത്തിന് അനിവാര്യമായ മറ്റൊരു ഘടകമാണ് സ്വാതന്ത്ര്യം. അവരെ കുറെയൊക്കെ സ്വതന്ത്രരായി വിടണം. പക്ഷേ, മാതാപിതാക്കളുടെ കണ്ണുകളും കരങ്ങളും അവന് ചുറ്റും സംരക്ഷണവലയം തീർത്തിരിക്കണം. അവൻ എടുക്കുന്ന സ്വതന്ത്രമായ പല തീരുമാനങ്ങളും കാല്വെപ്പുകളും അവനെ ഗുരുതരമായ ആപൽഘട്ടങ്ങളിൽ എത്തിച്ചെന്നുവരാം. സ്വതന്ത്രമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ചെറിയ ചെറിയ തെറ്റുകളും അപാകതകളും കുട്ടികൾക്ക് സംഭവിക്കുന്നതിൽ തെറ്റില്ല. എന്നുതന്നെയല്ല, അവയൊക്കെ വ്യക്തിത്വവികസനത്തിന് മാറ്റ് കൂട്ടുവാൻ അനിവാര്യവുമാണ്. (തുടരും)